"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തുവരുന്ന ശ്രീ. ഹരികുമാർ ബി.-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2941/2019/ത.സ്വ.ഭ.വ.** **തിരുവനന്തപുരം, തീയതി, 24.12.2019.**

പരാമർശം: 1) ഇടുക്കി ജില്ലാ കളക്ടറുടെ 22.01.2019-ലെ ഡി2/2898/18/എഡിസി/ഇടുക്കി നമ്പർ നടപടിക്രമം.
2) ഗ്രാമവികസന കമ്മീഷണറുടെ 12.12.2019-ലെ സിആർഡി/653/എസ്റ്റാ.സി3/2018 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ ക്ലാർക്ക് തസ്തികയിൽ ശ്രീ. ഹരികുമാർ ബി. 25.08.2012-ന് സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. ടിയാൻ ജോലിയിൽ പ്രവേശിച്ച 25.08.2012 മുതൽ 24.08.2014 വരെയുള്ള രണ്ടുവർഷകാലയളവിലെ സേവനം വിജയകരമായി പൂർത്തീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. യോഗ്യത നേടിയിട്ടുള്ളത് 22.08.2018-ലാണ്. ടിയാന്റെ നിരീക്ഷണകാലം 25.08.2014 മുതൽ 24.08.2015 വരെ ഒരു വർഷത്തേയ്ക്ക് നിയമനാധികാരി പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച് നല്കിയിട്ടുണ്ടെന്നും 25.08.2015 മുതൽ 24.02.2018 വരെ നിരീക്ഷണകാലം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേവികുളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ക്ലാർക്കായ ശ്രീ.ഹരികുമാർ ബി.-യുടെ നിരീക്ഷണകാലം 23.02.2018 FN-ന് പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ സാധിക്കുമാറ്, ടിയാളുടെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ച് നൽകിയതിനു തൊട്ടടുത്ത ദിവസമായ 25.08.2015 മുതൽ 24.02.2018 വരെ KS&SSRS Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)
ശ്രീ. ഹരികുമാർ ബി., ക്ലാർക്ക്, ദേവികുളം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ഇടുക്കി
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ഇടുക്കി
ജില്ലാ കളക്ടർ, ഇടുക്കി
ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ